പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1347 07/06/2018-ൽ മറുപടിക്ക്

## ദിവസവേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരുടെ നിയമനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.പി.അനിൽ കുമാർ: | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) അടുത്ത അദ്ധ്യായന വർഷം എയ്ഡഡ് സ്കൂളുകളിൽ 30 ദിവസത്തിലേറെ ദൈർഘ്യമുള്ള ഒഴിവുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; | (എ) 2018-19 അദ്ധ്യയനവർഷത്തേയ്ക്ക് അനുമതി നൽകിയിട്ടുണ്ട്. |
| (ബി) പ്രസ്തുത അദ്ധ്യാപകരുടെ യോഗ്യത നിശ്ചയിച്ചിട്ടുണ്ടോ; കെ-ടെറ്റ് യോഗ്യതയുള്ളവർക്ക് മുൻഗണന നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ; ദിവസവേതനമായി എന്ത് തുകയാണ് നൽകുവാൻ ഉദ്ദേശിക്കുന്നത്. | (ബി) സ്ഥിരം അദ്ധ്യാപക നിയമനങ്ങൾക്കുള്ള യോഗ്യതയെല്ലാം ദിവസവേതനാടിസ്ഥാനത്തിലുള്ള നിയമനങ്ങൾക്കും ബാധകമാണ്. കെ-ടെറ്റ് യോഗ്യത നേടിയവർ/നിലവിലുള്ള സർക്കാർ നിർദ്ദേശങ്ങൾ പ്രകാരം കെ-ടെറ്റ് പാസ്സാകുന്നതിൽ നിന്നും ഇളവ് അനുവദിച്ചിട്ടുള്ളവർ എന്നിവരെയാണ് ദിവസവേതനാടിസ്ഥാനത്തിലും നിയമിക്കേണ്ടതെന്നും അങ്ങനെയുള്ളവരുടെ അഭാവത്തിൽ മാത്രം കെ-ടെറ്റ് യോഗ്യതയില്ലാത്തവരെ നിയമിക്കാവുന്നതാണെന്നും ഇത്തരം സന്ദർഭങ്ങളിൽ മേൽ യോഗ്യതയുള്ളവരുടെ അഭാവം സംബന്ധിച്ച് ഡിക്ളറേഷൻ, മാനേജർ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർ മുമ്പാകെ ഹാജരാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. 28-4-2017 ലെ ജി.ഒ (പി) നമ്പർ 56/2017/ധന പ്രകാരം ദിവസവേതനാടിസ്ഥാനത്തിൽ നിയമിതരാകുന്ന പ്രൈമറി സ്കൂൾ അദ്ധ്യാപകർക്ക് പ്രതിദിനം 895/- രൂപയും (പ്രതിമാസം പരാമവധി 25900/- രൂപ) ഹൈസ്കൂൾ ടീച്ചർ പ്രതിദിനം 1025/- രൂപയും (പ്രതിമാസം പരമാവധി 29700/- രൂപ) പാർട്ട്ടൈം ഹൈസ്കൂൾ ഭാഷാദ്ധ്യാപകർക്ക് പ്രതിദിനം 710/- രൂപയും (പ്രതിമാസം പരമാവധി 19850/- രൂപ), പ്രൈമറി സ്കൂൾ പാർട്ട് ടൈം ഭാഷാദ്ധ്യാപകർക്ക് 685/- രൂപയും |

(പ്രതിമാസം പരമാവധി 18450/- രൂപ) വേതനമായി അനുവദിക്കാവുന്നതാണ്.

(സി) ഒരേ മാനേജ്മെന്റിൽ താല്ക്കാലികമായി പുനർവിന്യസിക്കപ്പെട്ട സംരക്ഷിത അദ്ധ്യാപകരെ 180 ദിവസത്തിലധികം വരുന്ന ഒഴിവുകളിലേക്ക് നിയമിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ?.

(സി) 180 ദിവസം മുതൽ ഒരു അക്കാദമിക വർഷത്തിൽ താഴെ വരെ ദൈർഘ്യമുള്ള ഒഴിവുകളിലേക്ക് പ്രസ്തുത മാനേജ്മെന്റിൽ താൽക്കാലികമായി പുനർവിന്യസിക്കപ്പെട്ട സംരക്ഷിതാദ്ധ്യാപകരുണ്ടെങ്കിൽ അവരെ തിരികെവിളിക്കാവുന്നതാണെന്നും സ്ഥിരമായി പുനർവിന്യസിക്കപ്പെട്ട സംരക്ഷിതാദ്ധ്യാപകരുണ്ടെങ്കിൽ അവരെ തിരികെ വിളിക്കേണ്ടതില്ലെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ